5668237/2023

FAX

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.CDN5/34/2023-GAD
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-03-2023

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ്- വിവരാവകാശ നിയമം, 2005 പ്രകാരം ഉപദേശം, മാർഗ്ഗനിർദ്ദേശം, അഭിപ്രായം എന്നിവ നൽകേണ്ടതില്ല എന്ന സ്പഷ്ടീകരണം- സംബന്ധിച്ച്.

**********************

വിവരാവകാശ നിയമം, 2005 പ്രകാരം അപേക്ഷകർക്ക് നൽകേണ്ട വിവരങ്ങൾ സംബന്ധിച്ച് Civil Appeal No. 6454/2011-ലെ ബഹു. സുപ്രീം കോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

വിവരാവകാശ നിയമം, 2005 പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള രേഖ ഒരു പൊതു അധികാരിയുടെ ഓഫീസിലെ റെക്കോർഡുകളുടെ ഭാഗമല്ലെങ്കിലോ പ്രസ്തുത രേഖ മറ്റേതെങ്കിലും നിയമമോ ചട്ടമോ റെഗുലേഷനോ പ്രകാരം പ്രസ്തുത അധികാരി സൂക്ഷിക്കേണ്ടതോ അല്ലാത്ത പക്ഷം പ്രസ്തുത രേഖ ശേഖരിച്ചോ ക്രോഡീകരിച്ചോ ലഭ്യമാക്കേണ്ട ബാധ്യത പ്രസ്തുത അധികാരിക്കില്ല. ഒരു പൊതു അധികാരി ഊഹിച്ചോ അനുമാനിച്ചോ വിവരങ്ങൾ ലഭ്യമാക്കേണ്ടതില്ല. കൂടാതെ അപേക്ഷകന് അഭിപ്രായമോ ഉപദേശമോ നൽകേണ്ട ബാധ്യതയും പൊതു അധികാരിക്കില്ല. വിവരാവകാശ നിയമം, 2005-ന്റെ വകുപ്പ് 2(എഫ്)ൽ സൂചിപ്പിച്ചിട്ടുള്ള "opinion", "advice" എന്നിവ കൊണ്ട്, പൊതു അധികാരിയുടെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ഉൾപ്പെട്ട ഇപ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് അർത്ഥമാക്കുന്നത്. പൗരന്മാർക്ക് ഉപദേശം, മാർഗ്ഗനിർദ്ദേശം, അഭിപ്രായം എന്നിവ നൽകുന്നത് പൊതു അധികാരികൾ സ്വന്തം ഇഷ്ടപ്രകാരം ചെയ്തിട്ടുണ്ടെങ്കിലും ഇത് യാതൊരുവിധത്തിലും വിവരാവകാശ നിയമപ്രകാരമുള്ള ബാധ്യത അല്ല.

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർ,, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർക്ക്

ധനകാര്യം, നിയമം ഉൾപ്പെടെ ഗവ. സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും

✓ രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

✓ സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

✓ എല്ലാ വകുപ്പ് മേധാവികൾക്കും

✓ എല്ലാ തദ്ദേശ സ്വയംഭരണ, പൊതുമേഖലാ സ്ഥാപന മേധാവികൾക്കും

✓ എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും

✓ എല്ലാ ജില്ലാ കലക്ടർമാർക്കും

✓ എല്ലാ സംസ്ഥാന പൊതുവിവരാവകാശ ഓഫീസർമാർക്കും (ജില്ലാ കളക്ടർമാർ മുഖേന)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങൾ മുഖേന പ്രചാരണത്തിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
Date: 28-03-2023 14:48:51

സെക്ഷൻ ഓഫീസർ.